Answer.

Year.	*Amount.*
1952	Rs. 19,899
1953	Rs. 32,427
1954	Rs. 32,635

കുഴൽക്കിണറുകൾ.

246. [27] ശ്രീ. എൻ. പരമേശ്വരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിൽ ടൃബ്‌വെൽസ് ഉണ്ടാക്കാനുള്ള പദ്ധതിയിൽ ഇക്കൊല്ലം ഏതെല്ലാം പ്രകൃതികൾ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) ചങ്ങനാശേരി താലൂക്കിൽപ്പെട്ട കുട്ടനാടൻ പ്രദേശം ഉൾപ്പെടുത്താതിരിക്കാൻ കാരണമെന്ത് ?

ഉത്തരം.

(എ) ഇടത്തുറ, പച്ച, ചേന്നൻകരി, തോട്ടപ്പള്ളി, പുറക്കാട്, കാക്കൂർ, തെക്കുഭാഗം, കിഴക്കുംഭാഗം, വടക്കുംഭാഗം ഈ സ്ഥലങ്ങൾ.

(ബി) ചങ്ങനാശേരി താലൂക്കിൽപ്പെട്ട കുട്ടനാടൻ പ്രദേശങ്ങളിൽ വെള്ളം കിട്ടാൻ വിഷമമുള്ള സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ കുഴിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

സർക്കാർ വക കെട്ടിടങ്ങൾക്കുള്ള മുനിസിപ്പൽ നികുതി.

247. [34] ശ്രീമതി ടി. സി. ലീലാദേവി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്, തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റിയിൽ സർക്കാർ വക കെട്ടിടങ്ങൾക്ക് മുനിസിപ്പൽ വസ്തു നികുതി കൊടുക്കുന്നുണ്ടോ ;

(ബി) ഈ സംസ്ഥാനത്ത് വേറെ ഏതെങ്കിലും മുനിസിപ്പാലിറ്റികൾക്ക് കൊടുക്കുന്നുണ്ടോ ;

(സി) തൃശ്ശിവപേരൂരിൽ കൊടുക്കുന്നില്ലെങ്കിൽ അതിന് പ്രത്യേക കാരണങ്ങളുണ്ടോ ?

ഉത്തരം.

(എ) ഇല്ല.

(ബി) തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട മുനിസിപ്പാലിറ്റികളിലുള്ള സർക്കാർ വക കെട്ടിടങ്ങൾക്ക് തിരുവിതാംകൂർ ഡിസ്ട്രിക്ട് മുനിസിപ്പാലിറ്റി ആക്ട് 81-ാം വകുപ്പ് അനുസരിച്ച് വസ്തു നികുതി കൊടുക്കുന്നുണ്ട്.

(സി) പ്രത്യേക കാരണങ്ങൾ കൊണ്ടല്ല. 1113-ലെ കൊച്ചി മുനിസിപ്പൽ ആക്ട് 76 (ഡി) വകുപ്പ് പ്രകാരം സർക്കാർ കെട്ടിടങ്ങൾ മുനിസിപ്പൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly